പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3677 19/02/2013 - ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാഗോപി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദീകരിക്കാമോ; | (എ) ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുവേണ്ടി അനധികൃത മത്സ്യബന്ധനം കർശനമായി തടയുന്നതിന് ബാക്ക് വാട്ടർ പട്രോളിംഗ് നടത്തുകയും അനധികൃതമായി പ്രവർത്തിക്കുന്ന ഊന്നി/ചീന വലകൾ നീക്കം ചെയ്യുകയും ചെയ്തു വരുന്നു. തോട്ട, നഞ്ച് തുടങ്ങിയവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിൽ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യ മത്സ്യകൃഷി പദ്ധതി പ്രകാരം മത്സ്യ/ചെമ്മീൻ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു വരുന്നു. ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം |

ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് 2012 മുതൽ 2015 വരെ യുള്ള കാലയളവിൽ മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന ത്തെ കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം ഓരോ വർഷവും 21 ലക്ഷം രൂപ ചെലവഴിച്ച് മത്സ്യക്കുഞ്ഞു ങ്ങളെ അനുയോജ്യമായ ജലാശയങ്ങ ളിൽ നിക്ഷേപിക്കുന്നുണ്ട്. വെള്ളായണി കായലിലെ മത്സ്യ സമ്പത്ത് പരിപോഷി പ്പിക്കുന്നതിനായി അഡാക്ക് മുഖേന 'വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യത്തൊഴിലാളി കളുടെ ജീവനോപാധി മെച്ചപ്പെടുത്ത ലും പദ്ധതി' നടപ്പിലാക്കി വരുന്നു. മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതി നായി മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കു ന്ന പദ്ധതി 'ഫിർമ'യും 'അഡാക്കും' നടപ്പിലാക്കുന്നു.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളി കൾക്ക് ന്യായമായ ഉല്പന്ന വില ലഭിക്കുവാൻ സ്വീകരി ക്കുന്ന നടപടികൾ എന്തെല്ലാ മെന്ന് വിശദമാക്കുമോ?

(ബി) ഉൾനാടൻ മത്സ്യോല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിന് താഴെപ്പറയും പ്രകാരം മത്സ്യ/ആറ്റു കൊഞ്ച് വില പുതുക്കി നിശ്ചയിക്കു കയും പ്രസ്തുത വില 11/05/2010 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട്

ഫിഷറീസ് ഡയറക്ടർ ഉത്തരവ് പുറപ്പെ
ടുവിക്കുകയും ചെയ്തിട്ടുണ്ട്.

| മത്സ്യ ഇനങ്ങൾ | പുതുക്കിയ വില കി.ഗ്രാം രൂപയിൽ |
|---|---|
| കട്‌ല | 75 |
| രോഹു | 75 |
| മൃഗാൾ | 60 |
| ലേബിയോ | 60 |
| സൈപ്രിനസ് | 60 |
| കരിമീൻ | 150 |
| ആറ്റുകൊഞ്ച് | 300 |
| ഗ്രാസ്കാർപ്പ് | 75 |

സെക്ഷൻ ഓഫീസർ